# രക്ഷയുടെ പാതയിൽ



# ഈശോയുടെ പ്രബോധനങ്ങൾ

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

7

# ഉള്ളടക്കം


1. നിത്യജീവൻ പ്രാപിക്കാൻ
2. കർത്താവായ ദൈവം
3. ദൈവനാമം ആരാധ്യനാമം
4. കർത്താവിന്റെ ദിവസം
5. മാതാപിതാക്കളെ ബഹുമാനിക്കണം
6. ജീവൻ ദൈവദാനം
7. ലൈംഗിക വിശുദ്ധി
8. മോഷ്ടിക്കരുത്
9. സത്യം പറയുക
10. ദാമ്പത്യവിശുദ്ധി പാലിക്കുക
11. അവകാശമില്ലാത്തത് ആഗ്രഹിക്കരുത്
12. ശ്രേഷ്ഠമായ കല്പന
13. തിരുസഭയുടെ കല്പന
14. മന:സാക്ഷി രൂപീകരണം
15. സുവിശേഷ ഭാഗ്യങ്ങൾ

# പാഠം- 14



# മന:സാക്ഷി രൂപീകരണം

# മന:സാക്ഷി രൂപീകരണം

1. മന:സാക്ഷി
2. മനുഷ്യനിലെ നന്മയും തിന്മയും
3. മന:സാക്ഷി വിശുദ്ധ ഗ്രന്ഥത്തിൽ
4. മന:സാക്ഷിയും വിശ്വാസവും
5. മന:സാക്ഷിയുടെ രൂപീകരണം
6. ക്രിസ്തീയ മന:സാക്ഷി രൂപീകരണം

മന:സാക്ഷി രൂപീകരണം

# മന:സാക്ഷി

- നന്മയുടെ പ്രചോദനങ്ങൾ നൽകി അവ അനുസരിച്ച് പ്രവർത്തിക്കാൻ ഒരുവനെ പ്രേരിപ്പിക്കുന്ന ശക്തമായ ആന്തരിക അഹ്വാനമാണ് മന:സാക്ഷി. നന്മയെ സ്വീകരിക്കാനും തിന്മയെ ഉപേക്ഷികാനും മന:സാക്ഷി നമ്മെ ആഹ്വാനം ചെയ്യുന്നു.



മന:സാക്ഷി രൂപീകരണം

# മനുഷ്യനിലെ നന്മയും തിന്മയും

- മനുഷ്യൻ നന്മയെ സ്നേഹിക്കുന്നു. നന്മ ചെയ്യാൻ ആഗ്രഹിക്കുന്നു. നന്മയുടെ വിവിധ ഭാവങ്ങളായ സത്യം, നീതി, ത്യാഗം, സ്നേഹം തുടങ്ങിയ മൂല്യങ്ങൾ സ്വന്തമാക്കാൻ അവൻ ഇഷ്ടപ്പെടുന്നു. ഇവ പ്രാവർത്തികമാക്കാനുള്ള സ്വാതന്ത്ര്യവും അവനുണ്ട്. ഈ സ്വാതന്ത്ര്യത്തിൽ മനുഷ്യൻ എടുക്കുന്ന തീരുമാനത്തിന് മന:സാക്ഷിയുടെ തീരുമാനം എന്നു പറയുന്നു.



മന:സാക്ഷി രൂപീകരണം


## മന:സാക്ഷി വിശുദ്ധ ഗ്രന്ഥത്തിൽ

- പഴയനിയമത്തിൽ മന:സാക്ഷിയെന്നാൽ ഹൃദയമെന്നാണ് അർത്ഥം. നന്മ ചെയ്യാൻ പ്രചോദനം നൽകുന്നത് ഹൃദയമാണ്. എന്നാൽ പുതിയ നിയമത്തിൽ വി. പൗലോസ് ശ്ലീഹാ മന:സാക്ഷിയെക്കുറിച്ച് വിശദമായി പഠിപ്പിക്കുന്നുണ്ട്. ഈശോയുടെ കൽപനകൾ സ്വീകരിച്ചിട്ടില്ലാത്തവർക്ക് മന:സാക്ഷിയുടെ സ്വരം അനുസരിച്ച് പ്രവർത്തിക്കാൻ കടമയുണ്ടെന്ന് അദ്ദേഹം പറയുന്നു.



# മന:സാക്ഷിയും വിശ്വാസവും

- വിശ്വാസസത്യങ്ങൾക്കനുസരിച്ച് ഓരോ വിശ്വാസിയും തന്റെ മന:സാക്ഷി രൂപപ്പെടുത്തണം. ക്രിസ്തീയ വിശ്വാസത്തിന് അനുസൃതമായ ധാർമ്മികസ്വരത്തെയാണ് ക്രിസ്തീയ മന:സാക്ഷിയെന്നു പറയുന്നത്.



## മന:സാക്ഷിയുടെ രൂപീകരണം

- നന്മയും തിന്മയും എന്താണെന്ന് അറിയുക എന്നതാണ് മന:സാക്ഷി രൂപീകരണത്തിലെ ഒന്നാമത്തെ കാര്യം. ക്രൈസ്തവരായ നമ്മെ സംബന്ധിച്ച് ദൈവവചനവും തിരുസഭയുടെ പ്രബോധനങ്ങളും ഈ അറിവു നേടുന്നതിന് നമ്മെ സഹായിക്കും. തിന്മയെ ഉപേക്ഷിക്കാനും നന്മയ്ക്ക് അനുകൂലമായി തീരുമാനങ്ങളെടുക്കാനും മനസ്സിനും നൽകുന്ന പരിശീലനമാണ് രണ്ടാമത്തെ കാര്യം.



# ക്രിസ്തീയ മന:സാക്ഷി രൂപീകരണം

- ദൈവവചനത്തിനും സഭാപ്രബോധനങ്ങൾക്കും അനുസരിച്ച് രൂപപ്പെടുത്തപ്പെട്ട മന:സാക്ഷി.

1. ശരിയായ അറിവു നേടണം: മാനുഷികവും ക്രിസ്തീയവുമായ മൂല്യങ്ങളെക്കുറിച്ച് അറിവും പരിശീലനവും നേടണം. ഓരോ സാഹചര്യത്തിലും നന്മ തിന്മകളെ വിലയിരുത്തുവാൻ വേണ്ട അറിവ് അതു വഴി നമുക്കു ലഭിക്കും.



2. സംശയങ്ങൾ ദുരീകരിക്കണം:

നന്മതിന്മകളെക്കുറിച്ചുള്ള ശരിയായി അറിവിന്റെ വെളിച്ചത്തിൽ വേണം നാം തീരുമാനങ്ങൾ എടുക്കാൻ.സംശയങ്ങൽ ഉണ്ടെങ്കിൽ അവ അകററാൻ നല്ല പുസ്തകങ്ങൾ വായിക്കുകയോ,അറിവും വിവേകവുമുള്ളവരോട് ചോദിക്കുകയോ ചെയ്യണം. അപ്പോൾ ശരിയായ ഒരു തീരുമാനമെടുക്കാൻ നമുക്ക് സാധിക്കും.









4. മനസ്സിന്റെ സ്വാതന്ത്ര്യം സംരക്ഷിക്കണം:


സ്വാതന്ത്ര്യമുണ്ടെങ്കിലേ മനസക്ഷിയുടെ പ്രവർത്തനം ശരിയാവൂ. അവനവന്റെ സ്വാർത്ഥതയുടെയും മററുള്ളവരുടെ അതിരുകവിഞ്ഞ സ്വാധീനത്തിന്റെയും ഫലമായി മന:സാക്ഷിയുടെ സ്വതന്ത്ര്യം നഷ്ടപ്പെടാതെ സൂക്ഷിക്കണം. എങ്കിൽ മാത്രമേ മന:സാക്ഷിയുടെ പ്രചോദനമനുസരിച്ച് പ്രവർത്തിക്കാൻ നമുക്ക് സാധിക്കൂ.

മനഃസാക്ഷി രൂപീകരണം

5. പരിശുദ്ധാത്മാവിന്റെ സഹായം തേടണം:

നന്മതിന്മകളെ തിരിച്ചറിയാനും നന്മ തെരഞ്ഞെടുത്ത് പ്രവർത്തിക്കാനും പരിശുദ്ധാത്മാവിന്റെ ശക്തി നമുക്ക് ആവശ്യമാണ്. പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ ഇതിനു നമ്മെ സഹയിക്കും.അതിനാൽ പരിശുദ്ധാത്മവിന്റെ ശക്തിക്കായി നാം പ്രാർത്ഥിക്കണം.





# നമുക്കു പാടാം



മനഃസാക്ഷി രൂപീകരണം

(വഞ്ചിപ്പാട്ട്)

തിന്മകൈവെടിഞ്ഞീടുവാൻ, നന്മമാത്രം ചെയ്തിടുവാൻ
ചൊല്ലീടുന്ന ആന്തരിക ശബ്ദൻ കേൾപ്പൂനാം.
ദൈവത്തിന്റെ വചനവും തിരുസഭാ പഠനവും
മന:സാക്ഷിക്കടിസ്ഥാനം ക്രിസ്തുശിഷ്യർക്ക്.
വിശ്വാസത്തിൻ വെളിച്ചത്തിൽ, നന്മയ്ക്കനുകൂലമായി
മനസ്സിനെമെരുക്കുക നമ്മുടെ ധർമ്മം.
സ്വതന്ത്രമാം മനസ്സോടെ, മൂല്യബോധത്തികവോടെ
പാവനാത്മ ശക്തിനേടി, നന്മ ചെയ്തിടാൻ.
ഉത്തമമാം മന:സാക്ഷി, നേടീടുക ദൈവമക്കൾ
നിത്യ ജീവവഴിയേ നാം ചരിച്ചീടുവാൻ.

# വഴികാട്ടാനൊരു തിരുവചനം

- നിർമല മന:സാക്ഷിയോടുകൂടെ വിശ്വാസത്തിന്റെ രഹസ്യം സൂക്ഷിക്കുന്നവരാകണം നിങ്ങൾ (1 തിമോ. 3:9)

# എന്റെ തീരുമാനം

- മന:സാക്ഷിയുടെ സ്വരം കേട്ട് അതനുസരിച്ച് ഞാൻ പ്രവർത്തിക്കും.